DESPATCHED
28/01/2022

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.2414(5)/18/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 12269/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

ശ്രീമതി ലത. പി.എസ്,
വടക്കേപള്ളിത്തറ,
പള്ളിപ്പുറം പി.ഒ,
ചേർത്തല. } അപ്പീൽ ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക് സപ്ലൈ ഓഫീസ്,
ചേർത്തല. } എതിർകക്ഷികൾ

### ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 10.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | --- |
| ഒന്നാം അപ്പീൽ | 10.07.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാം അപ്പീൽ | 19.10.2018, |
| ഹിയറിംഗ് തീയതി, സ്ഥലം | 23.07.2021 |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

1. ചികിത്സാ സഹായത്തിനായി എ.പി.എൽ ആയിരുന്ന റേഷൻ കാർഡ് പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി അപേക്ഷ നൽകി എന്നാൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനെ തുടർന്നാണ് അപ്പീൽഹർജിക്കാരി എസ്.പി.ഐ.ഒ യോട് വിവരാവകാശ നിയമപ്രകാരം വിവരം ആവശ്യപ്പെട്ടത്.
2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് ജില്ലാ സപ്ലൈ ഓഫീസർ മുമ്പാകെ മറ്റൊരു അപേക്ഷ നൽകി. എന്നാൽ അതിനും വിവരം ലഭിക്കാത്തതിനെ തുടർന്നാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചത്.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. തുടർന്ന് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. അപ്പീൽഹർജിക്കാരിയുടെ റേഷൻ കാർഡ് പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നൽകിയ അപേക്ഷ ജില്ലാ സപ്ലൈ ഓഫീസിൽ 19.04.2018 ലാണ് എത്തിയത് എന്നും താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർക്ക് അന്വേഷണത്തിനായി നൽകുകയും അന്വേഷണത്തിന്റെ ഭാഗമായി ഹിയറിംഗ് നടത്തി അർഹതാമാനദണ്ഡങ്ങൾക്ക് അനുസൃതമായി മാർക്ക് രേഖപ്പെടുത്തി തിരികെ ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം ലിസ്റ്റ് ആക്കി സൂക്ഷിക്കുകയും സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ലിസ്റ്റ് ആക്കി അയയ്ക്കുകയും തുടർന്ന് ലിസ്റ്റ് പരിശോധിച്ച് നിശ്ചിത പരിധിക്ക് മുകളിലുള്ളവ അംഗീകരിച്ച് തിരികെ നൽകുകയും ഇപ്രകാരമുള്ള അപ്രൂവൽ ലിസ്റ്റ് ഓഫീസിൽ സമർപ്പിക്കുകയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി ഓരോ താലൂക്കിനും അർഹതപ്പെട്ടയെണ്ണം പൊതുവിഭാഗം കാർഡുകൾ മുൻഗണനയിലേക്ക് കൺവർട്ട് ചെയ്യുവാൻ അനുവദിച്ച് തരികയും അതിനായി റേഷൻ കാർഡിന്റെ സോഫ്റ്റ് വെയറിൽ കൺവേർഷൻ മോഡ്യൂൾ നിശ്ചിത സമയത്തേക്ക് തുറന്ന് തരികയും ചെയ്യുമെന്നും ഇത്തരം നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസമുള്ളതു കൊണ്ടും ക്യാൻസർ പോലെ മാരകമായ രോഗങ്ങൾ ഉള്ളവർക്ക് ഇത് ബുദ്ധിമുണ്ടാകും എന്നതു കൊണ്ടും അവർക്ക് ചികിത്സാനുകൂല്യം ലഭ്യമാകുന്നതിന് പെട്ടന്ന് ചെയ്യാൻ സാധിക്കുന്ന സ്റ്റേറ്റ് പ്രയോറിറ്റി എന്ന വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുകയും തൊട്ടടുത്തതവണ കമ്മീഷണറേറ്റിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെടുന്ന സമയത്ത് അടിയന്തിര വിഭാഗത്തിൽപ്പെടുത്തി അംഗീകാരം വാങ്ങുകയും 04.11.2020 ന് ആദ്യ അവസരത്തിൽ തന്നെ പി.എച്ച്.എച്ച് ആക്കി നൽകുകയും ചെയ്തു എന്നാണ് എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

4. പരാതിക്ക് പരിഹാരം ആയിട്ടുള്ളതിനാൽ പരാതി നിലവിൽ ഇല്ല എന്നാണ് ടെലഫോൺ മുഖാന്തിരം നടന്ന ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരി അറിയിച്ചിട്ടുള്ളത്. തുടർന്ന് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ അയച്ചു നൽകിയ റിപ്പോർട്ട് മൊഴിയായി അംഗീകരിച്ചും അപ്പീൽഹർജിക്കാരിയുടെ മൊഴി മുഖവിലക്കെടുത്തുകൊണ്ടും ഈ അപ്പീൽഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ അപ്പീൽഹർജി ഇന്നേദിവസം 2021 ഡിസംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി